# മഴവില്ല്




*CAHS COYALMANNAM*

**സി എ എച്ച എസ് കുഴൽമന്ദം**



**SUNANDA S NAIR M**

*IT gives me immense pleasure to present before the students,teachers and parents the school magzine created by Little kites.  As the saying goes"mind*
*Like a parachute works best when opened"this humble initiative by our children is to set the budding minds free allowing them to experience and create a world of talents. I feel both proud and excited to see and present the hard work put  together by our students and teachers for their untiring efforts to bring out this magazine.*

| SL NO | CONTENT | PAGE NO |
|---|---|---|
| 1 | അവധിക്കാല അനുഭവക്കുറിപ്പ് അവധികാലദിനങ്ങളിലൂടെ | 5 |
| 2 | അവധികാലദിനങ്ങളിലൂടെ | 7 |
| 3 | ഇരുണ്ട സ്വപ്നം | 8 |
| 4 | എന്റെ ചങ്ങാതി | 9 |
| 5 | നിഴലാകുന്ന അച്ഛൻ | 10 |
| 6 | കണ്ണീർ | 12 |
| 7 | എന്റെ സഖി | 13 |
| 8 | തോഴിനിയുണ്ടെങ്കിൽ | 14 |
| 9 | PAINTINGS | 15 |
| 10 | PAINTINGS | 16 |
| 11 | SCHOOL ACTIVITIES | 17 |
| 12 | School activities | 18 |
| 13 | **School activities** | 18 |
| 14 | ഒരു തൈ നടാം | 19 |
| 15 | പ്രകൃതി | 20 |
| 16 | സമ്പന്നനായ കൃഷിക്കാരൻ | 21 |
| 17 | അരുതേ അരുതേ | 22 |
| 18 | പരിസ്ഥിതി കവിത | 23 |
| 19 | PAINTING | |
| 20 | LITTLE PAINTERS | 25 |
| 21 | PREMCHAND DIVAS | |
| 22 | സ്നേഹകൂട് | 27 |
| 23 | Painting | 28 |
| 24 | Painting | 29 |
| 25 | Nature club | 30 |
| 26 | Science fair | 31 |
| 27 | Painting | 32 |
| 28 | Sports | 33 |

| | | |
|---|---|---|
| 29 | SAVE THE EARTH | 34 |
| 30 | TO MY MOTHER | 35 |
| 31 | തനിച്ചിരുന്നപ്പോൾ | 36 |
| 32 | പ്രകൃതി തേടുന്ന സ്വാതന്ത്ര്യം | 37 |
| 33 | **വരും തലമുറക്കു വേണ്ടി** | 38 |


## അവധിക്കാല അനുഭവക്കുറിപ്പ് അവധികാലദിനങ്ങളിലൂടെ

ചുട്ടുപൊള്ളുന്ന വെയിൽ ദിനത്തിലായിരുന്ന ഇത്തവണത്തെ എന്റെ സ്കൂൾ വേനലവധിക്കാലം ആരംഭിക്കുന്നത്. ആദ്യത്തെ ഒരാഴ്ച ഞാൻ എന്റെ അമ്മുമ്മേടെ വീട്ടിൽ പോയി. എനിക്ക് എന്റെ അമ്മൂമ്മ വീടാണ് കൂടുതൽ ഇഷ്ടം.കാരണം എനിക്ക് സ്വതന്ത്രമായി എന്തും ചെയ്യാം. ഞാൻ അവിടെ എത്തിയശേഷം ആദ്യം പോയത് പശുത്തൊഴുത്തിലേക്കാണ്. ഞാൻ പശുക്കളോട് സംസാരിക്കുകയും വിശേഷങ്ങൾ പറയുകയും ചെയ്തു. പിന്നീട് പൂന്തോട്ടത്തിൽ പോയി നിരീക്ഷിച്ചു. എന്നിട്ട് വീട്ടിൽ കയറി. കയറിയപ്പോൾ നെലിന്റെയും വൈക്കോലിന്റെയും മണം എന്നെ ആകർഷിച്ചു. അതിനുശേഷം വീടെല്ലാം വൃതിയാക്കി. ഉച്ചയായപ്പോൾ ഭക്ഷണം കഴിച്ച് കളിക്കാൻ പോയി. എന്റെ ബാല്യകാല കൂട്ടുകാരി പൊന്നുവിനോടൊപ്പം,പാടത്തിലും, വഴികളിലും കളിച്ച് നടന്നു. പ്രകൃതി ആസ്വദിച്ചു. ചുടുകാലമായത്കൊണ്ട് ഞങ്ങൾ മാമ്പഴം കഴിച്ചു. നല്ല പുളിയുള്ള മാങ്ങ. അതിൽ കുറച്ച് ഉപ്പും മുളകും ചേർത്ത് ഒരു തുണിയിൽ കെട്ടി തച്ചെടുത്തു. ഞാൻ പ്രകൃതിയെ ഒരുപാട് സ്നേഹിക്കുന്നു. രാത്രിയായപ്പോൾ പൂനിലാവിൽ കുളിചൊരുങ്ങിനിന്ന പൂർണ്ണചന്ദ്രനെ നോക്കുകയും മുല്ലമൊട്ടുകൾ പോലെ തിളങ്ങുന്ന നക്ഷത്രങ്ങളെ എണ്ണി സമയം ചിലവഴിച്ച പിറ്റെദിവസം അതിരാവിലെ എണ്ണിച്ചു. മഞ്ഞ് വീണ് തണുത്തവെള്ളത്തിൽ മുഖം കഴുകി ശുദ്ധമായി ശ്വസിച്ച എന്നിട്ട് പ്രകൃതിയെ നിരീക്ഷിച്ചു. പക്ഷികളുടെ മനോഹരമായ നാദം കേൾക്കുകയും, മഞ്ഞിൽ ചൂടി കിടക്കുന്ന ചെടികളും,മരങ്ങളും, തണുത്ത കാറ്റും,കിഴക്കിൽ സിന്ധുരപൂരം പൂശുന്ന സൂര്യനും,കോഴികൾ ആളുകളെ വിളിച്ചുണർത്തുന്നതും കളകളമൊഴുകുന്ന ചാലും, പച്ചവിരിച്ച പാടങ്ങളും, കുളത്തിലെ ചിരിക്കുന്ന വെള്ള താമരകളും എല്ലാംകൊണ്ട് പ്രകൃതി അതിമനോഹാരിയാണ്. സൂര്യവെളിച്ചം എന്റെ ദേഹത്തു പതിച്ചപ്പോൾ ഞാൻ വീട്ടിലേക്ക് മടങ്ങി. എന്റെ വീട്ടിലുള്ള എല്ലാ ചെടികളെയും, മരങ്ങളെയും വെള്ളത്തിലൂടെ വിളിച്ചുണർത്തി.പിന്നിട്ട് വീഴുന്ന കണികൊന്ന പൂവ് വിഷുവിന് വേണ്ടി വലിച്ചു. കണി കണ്ടു കൃഷ്ണനും,കൊന്നയും,ഒരു വലിയ ചട്ടിയിൽ പച്ചക്കറികളും, ഫലങ്ങളും, നിലവിളക്കും, പൈസയും എല്ലാം വളരെ നന്നായിരുന്നു.പൂത്തിരി കത്തിച്ചു. അങ്ങനെ ഒരാഴ്ച ആഘോഷമാക്കിത്തീർത്തു. അമ്മുമ്മ വീട്ടിൽ നിന്നും ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി. കുറച്ചുനാളുകൾക്കകം വേനൽ ചൂടിനെ ശമിപ്പിക്കാനായി വേനൽ മഴ വന്നു. ആദ്യമായി പെയ്ത മഴയിൽ മണ്ണിന്റെ സുഗന്ധം എനിക്ക് ഉണർവേകിയാണ് കാറ്റിൽ പടർന്നത്.ചെറുതോണികൾ മഴവെള്ളച്ചാലിൽ ഒഴുകുണ്ടായിരുന്നു. ഇതിനിടയിൽ ഞാൻ ഒരു ഫാഷൻ ഷോയിൽ പങ്കെടുത്തു. ഞാൻ ആദ്യമായിട്ടാണ് ഇങ്ങനെ ഒരു പരിപാടിയിൽ പങ്കെടുക്കുന്നത്.മനോജ് പലോടിന്റെ നേതൃത്തിലായിരുന്ന ഈ പരുപാടി. സന്തോഷ് സാറാണ് ഞങ്ങളെ ക്യാറ്റവാക് നടക്കാൻ പഠിപ്പിച്ചത്.ഒരുപാട് ആളുകളെ പരിചയപ്പെടാൻ പറ്റി. ബ്യുട്ടീഷ്യൻ അവർ തന്നെ ചെയ്തു തന്നു. ഞാൻ എന്നാൽ കഴിക്കുന്ന വിധം നന്നായി ചെയ്തു. ഞാൻ വിജയിച്ചില്ല. പക്ഷെ ഞാൻ ഒരു ഫാഷൻ ലോകത് എത്തിപ്പെട്ടു. രാത്രി പതിനൊന്ന് മണിക്കാണ് ഞങ്ങൾ വീട്ടിലെത്തിയത്. അങ്ങനെ നല്ലോരു അനുഭവം കിട്ടി.രണ്ടുമാസം അവധികാലം കഴിഞ്ഞുപോയി. അത് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. അവധികാലം എല്ലാം നല്ല മനോഹരമായ ഓർമകൾ സമ്മാനിക്കുന്ന ഒന്നാണ്. എനിക്ക് മൃഗങ്ങളെ ഒരുപാട് ഇഷ്ടമാണ്. ഞാൻ ഒരു നായയെ വളർത്തിയിരുന്നു. പിങ്കി എന്നാണ് അവളുടെ പേര്. ഞങ്ങൾ നല്ല സുഹൃത്തുക്കളാണ്. പിങ്കിക്ക് വയ്യാതെ വന്നതിനാൽ അവൾ മരിച്ചു. ഞാൻ ഒറ്റക്കായി എന്ന തോന്നൽ എനിക്ക് ഉണ്ടായി. ഞാൻ വിഷമിച്ചു. പക്ഷെ അവൾ ഒരു കുഞ്ഞുപട്ടിയെ എന്റെ കൂടെ ഏല്പിച്ചാണ് പോയത്. അവളുടെ ഓർമ്മക്കായാണ് ഞാൻ കുട്ടാപ്പിയെ വളർത്തുന്നത്. മടിച്ചിയാണ് കുട്ടാപ്പി. വികൃതികാരിയും.ഞാൻ അവളെ ഒരു കുഞ്ഞിനെപോലെയാണ് സംരക്ഷിക്കുന്നത്. കുട്ടാപ്പിക്ക് ഏറ്റവും ഇഷ്ടം അച്ഛനോടാണ്. കുട്ടാപ്പി പ്രസവിച്ചപ്പോൾ ഉണ്ടായ ഒരു കുഞ്ഞിനെ ഞങ്ങൾ വളർത്തി. ഇവർ രണ്ടുപേരുമാണ് എന്നെ സന്തോഷിപികുന്നത്. അങ്ങനെ എനിക്ക് നല്ല മറക്കാനാവാത്ത ഓർമ്മകളും, സങ്കടങ്ങളും അവധികാലം എനിക്ക് തന്നു.

**ANUSREEV**
**9H**

## അവധികാലദിനങ്ങളിലൂടെ

വേനൽകാല അവധി എന്ന് കേൾക്കുമ്പോൾ എന്നിൽ ഓടിയെത്തുന്ന ഓർമ്മകൾ വളരെ വർണ്ണശഭളമായതാണ്. മാർച്ച് അവസാനം കൊല്ലപരീക്ഷ കഴിഞ്ഞതിന്റെ സന്തോഷവും ഇനി കൂട്ടുകാരുമൊത്ത് കാലികമെന്നുള്ള സന്തോഷവും ആഹാ.... എത്ര സുന്ദരമാണ്. ഞാൻ അവധികാലത്ത് ആദ്യം പോയത് എന്റെ അമ്മമ്മവീട്ടിലാണ്. അവിടെ വീടിനുപുറകുവശത്തുകൂടെ ഒരു ചെറിയ പറമ്പ് കഴിഞ്ഞാണ് പുഴ ഭാരതപ്പുഴ. അവിടെ പോയിരിക്കാൻ എന്തുരസമാണ. ചെക്ക് ഡാമിൽ നിന്നു വരുന്ന വെള്ളത്തിന്റെ കള കള ശംബ്ദം.തണുത്ത കാറ്റ്. ഈ കാറ്റിന്റെ ശക്തിയിലും ആസ്വാദനത്തിലും സംസാരിക്കുന്ന ചെടികൾ,കൂടാതെ ചുവപ്പ് നിറത്തിലുള്ള ആകാശത്തിലെ സൂര്യകിരണങ്ങൾ അസ്തമിക്കുന്നത് വളരെ മനോഹരമായി കാണാം. ആകാശത്തെ ചുവപ്പ് നിറമാക്കികൊണ്ട് സൂര്യൻ ചക്രവാളത്തിലേക്ക് പോയാമറയുന്ന കാഴ്ച്ച എന്നെ എന്നും വിസ്മയിപ്പിക്കുമായിരുന്നു. ബാംഗ്ളൂരിൽ നിന്ന് എന്റെ അമ്മയുടെ ഇരട്ട സഹോദരി വരുകയും എന്റെ അനിയത്തിയും ഏട്ടനമെല്ലാവരും കൂടിച്ചേരുമ്പോൾ സന്തോഷത്തിൽ ആഹ്ലാദത്തിമിർപുതന്നെയാണ്. എല്ലാരും ഒത്തുചേർന്ന് പാലക്കാട് കോട്ടയിൽ പോവാം എന്ന് തീരുമാനിക്കുകയും പോവുകയും ചെയ്തു. 11 പേർ അടങ്ങുന്ന ഒരു സംഘം. ഞങ്ങൾ ആദ്യമായി ടിപ്പുസുൽത്താന്റെ കോട്ടയിലോട്ടാണ് പോയത്. കോട്ടയിലേക്കുള്ള പ്രവേശന കവാടത്തിനുമുമ്പിൽ ഒരു തടാകമുണ്ട്. അതിൽ ഒരുപാട് ആമകളും,മീനുകളെയും ഞങ്ങൾ ഒരുപാട് കൗതുകത്തോടെ ഞങ്ങൾ നോക്കി. പിന്നെ ഞങ്ങൾ കോട്ടയിലോട്ട് പ്രവേശിച്ചു. ഞങ്ങൾ കോട്ടയുടെ അകത്തുള്ള ക്ഷേത്രത്തിൽ പോവുകയും അവിടുന്ന് 4 ഇറ്റാലിയൻസിനെ കാണുകയും അവരെ പരിചയപ്പെടുകയും ചെയ്തു. കോട്ട ചുറ്റി കണ്ടതിനു ശേഷം ചിൽഡ്രൻസ് പാർക്കിലോട്ട് പോയി അവിടെ ഞങ്ങൾ ഒരുപാട് സമയം ചിലവഴിച്ചു. പിന്നെ ഞങ്ങൾ അവിടെന്ന് പുറത്തിറങ്ങുമ്പോൾ ഐസ്ക്രീമും, ചോളവും കഴിച്ചു. അങ്ങനെ യാത്ര വീട്ടിലോട്ട് തിരിച്ചു. കുറച്ച് ദിവസത്തിനുശേഷം എനിക്ക് സമ്മർ ക്യാമ്പ് ഉണ്ടായിരുന്നു. വളരെ മനോഹരമായ ഒരു ക്യാമ്പ് തന്നെയായിരുന്നു. ഇതിലുപരി ക്യാമ്പിന് ശേഷം എന്റെ നാട്ടുകാരുമൊത്ത് കോയമ്പത്തൂർ ഇഷ യോഗായിലോട്ട് പോയി. നല്ലൊരു യാത്രാനുഭവം തന്നെയായിരുന്നു പോകുന്ന വഴിയിൽ പ്രകൃതിയൊരുക്കിയത്. അവിടെ പോയപ്പോൾ എനിക്ക് ഇങ്ങനെ ഇത്രയും വലിയ ഒരു യോഗാശ്രമം എങ്ങനെയാണ് പണിതത്. ശുദ്ധ മനസോടുകൂടി ഒരുപാട് പേർ യോഗ അനുഷ്ഠിക്കുന്നു. അവിടെ മുഴുവൻ നിശബ്ദതയാണ് മനസിൻ അസ്വസ്ഥയുള്ളവർ അവിടെപോയാലും ഉള്ളിൽ ആശ്വാസം പകരും. പിന്നെ വൈകുനേരം 7:20 ന് അവിടെ പ്രൊജക്ടർ അവതരണം തുടങ്ങി. എല്ലാവരും വളരെ കൗതുകത്തോടെയാണ് അവതരണം കണ്ടത്. അവിടെ എത്തിയ എല്ലാവരുടെയും കണ്ണുകളിൽ നക്ഷത്രപ്രഭ കാണാം. അങ്ങനെയൊരു വേനൽ അവധിക്കാലമായിരുന്നു എന്റേത്.



SREENANDA D
9B

## ഇരുണ്ട സ്വപ്നം

സ്വപ്നങ്ങൾ എന്നും അതിരുകൾ ഇല്ലാതാക്കി
വെളിച്ചത്തെ തോൽപിക്കും....
ഒടുവിൽ, പൊയ്മുഖവുമായി വന്ന വെളിച്ചം
നിലാവില്ലാത്ത രാത്രിയിൽ ഇരുട്ടിനെ പ്രണയിക്കും....
സ്വപ്നങ്ങൾ നിറമുള്ളതാവുമ്പോൾ രാത്രിയെങ്ങനെയാണ്
ഇരുണ്ടതാവുക?

## അന്ധർ

ഇരുട്ടെന്ന കടാരം ബാധിച്ച അവരുടെ കണ്ണുകൾക്ക്
എല്ലാം വ്യക്തമെങ്കിൽ.....
വെളിച്ചമെന്ന പ്രതിഭാസം ബാധിച്ച നമ്മുടെ കണ്ണുകൾ
എന്തെ എന്നും ഇരുട്ടിൽ?
സത്യത്തിൽ ആരാണ് അന്ധർ?

## ഐഡന്റിറ്റി

നീളം കുറഞ്ഞ ചെറുവിരൽ മറച്ചുവെച്ച് അവൻ
അവർക്ക് മുമ്പിൽ അവതരിപ്പിച്ചു....
അവളുടെ കൈയില്ലേ വികൃതമായ മറുകിനെ
ബ്യൂട്ടീഷനമായുള്ള മല്പിടിത്തത്തിനൊടുവിൽ
ആ മറുക് ഒളിഞ്ഞു നിന്നു
വേണ്ട.....!
അതാണ് എന്റെ ഐഡന്റിറ്റി.....



NISWAFARIN
10B

## എന്റെ ചങ്ങാതി

അതാ വന്നെൻ ചങ്ങാതി
ഇന്നും എനിക്ക് അവളോട് പരിഭവം മാത്രം.....
എന്നും കൂടെയുള്ളവൾ എന്തെ എന്നെ തനിച്ചാക്കി?
എന്തെ ഇരുട്ട് എനിക്ക് പേടിയാണെന്നവൾ അറിയാതെ പോയത്?
ഇരുട്ടിൽ തനിച്ചായി ഞാൻ ഭയന്ന് കരയുന്നതവൾ കാണുന്നില്ലേ?
എന്തെ എന്നെ ഇരുട്ടിൽ തനിച്ചാക്കി
ഇന്നും എനിക്ക് അവളോട് പരാതി മാത്രം
ഇനി അവളും ഇരുട്ടിനെ ഭയന്നുവോ?

ABHISHA K 8B

# നിഴലാകുന്ന അച്ഛൻ

എന്റെ ജീവിതത്തിലെ നിഴലിന് രൂപം എന്നച്ഛനാണ്....സൂര്യോദയം മുതൽ സൂര്യാസ്തമയം വരെ

ചെടികളെ ഉരുകും വെയിലത്ത്

കഷ്ടപെടുമെന്നച്ഛൻ....

വൈകിട്ടെത്തുമ്പോൾ എൻ അച്ഛന്റെ

കൈയിലെന്നുമൊരു പൊതിയുണ്ടാവും....

ദൂരെ അച്ഛനെ കാണുമ്പോൾ ഞാനും

എൻ കൊച്ചനുജനും ഓടി ചെല്ലും...

സന്ധ്യയാകുമ്പോൾ ഞങ്ങൾ അച്ഛന്റെ വരവും

കാത്ത് ഉമ്മറപ്പടിയിലിരിക്കുമായിരുന്നു....

നിഴലുപോലെ എൻ ജീവിതമൊട്ടാകെ

എന്നച്ഛനുണ്ട്....

വേദനകളും സന്തോഷങ്ങളും സങ്കടങ്ങളുമെല്ലാം

ഞാൻ പങ്കുവെക്കുന്നത് എന്നച്ഛനോടാണ്...

കൂട്ടുകാർ പോലെയായിരുന്നു

ഞാനുമെന്നച്ഛനും...

എന്തൊരു കാര്യത്തിനും എന്റെ കൂടെ

ഒരു നിഴൽ പോലെ എന്നച്ഛനുണ്ടായിരുന്നു...

സൂര്യോദയം മുതൽ സൂര്യാസ്തമയം വരെ

ചെടികളെ ഉരുകും വെയിലത്ത്

കഷ്ടപെടുമെന്നച്ഛൻ....

വൈകിട്ടെത്തുമ്പോൾ എൻ അച്ഛന്റെ

കൈയിലെന്നുമൊരു പൊതിയുണ്ടാവും....

ദൂരെ അച്ഛനെ കാണുമ്പോൾ ഞാനും

എൻ കൊച്ചനുജനും ഓടി ചെല്ലും...

സന്ധ്യയാകുമ്പോൾ ഞങ്ങൾ അച്ഛന്റെ വരവും

കാത്ത് ഉമ്മറപ്പടിയിലിരിക്കുമായിരുന്നു....

നിഴലുപോലെ എൻ ജീവിതമൊട്ടാകെ

എന്നച്ഛനുണ്ട്....

വേദനകളും സന്തോഷങ്ങളും സങ്കടങ്ങളുമെല്ലാം

ഞാൻ പങ്കുവെക്കുന്നത് എന്നച്ഛനോടാണ്...

കൂട്ടുകാർ പോലെയായിരുന്നു

ഞാനുമെന്നച്ഛനും...

എന്തൊരു കാര്യത്തിനും എന്റെ കൂടെ

ഒരു നിഴൽ പോലെ എന്നച്ഛനുണ്ടായിരുന്നു...

എന്റെ ജീവിതത്തിന് പ്രകാശം പകർന്നു

തന്നതെന്നച്ഛാണ്....

സങ്കടം വന്നാലും സന്തോഷം വന്നാലും

എന്റെ മുഖം നോക്കി അച്ഛൻ

കണ്ടുപിടിക്കും....

എന്റെ ജീവിതത്തിലെ നല്ലൊരു സുഹൃത്തായിരുന്നു

അച്ഛൻ....

നല്ലൊരു സുഹൃത്ബന്ധമായിരുന്നു അത്....

എല്ലാ സന്തോഷനിമിഷങ്ങളിലും

സങ്കടനിമിഷങ്ങളിലും മറ്റാരുമില്ലെങ്കിലും എന്റെ

കൂടെ അച്ഛനുണ്ടായിരുന്നു....

ഒരു നിഴൽപോലെ....

**SIVAGANGA 9F**

# കണ്ണീർ

എന്തിനെന്നറിയാതെ

കണ്ണുനീർ പൊഴിച്ചു കൊണ്ടു

ഞാനാ ബാല്യകാലങ്ങളിൽ

കള്ള കണ്ണീരൊഴുക്കി

പലതും സാധിച്ചെടുത്തോരാ

കുറുമ്പുകാലം പിന്നെ ആരും കാണാതെ

കണ്ണീർ പൊഴിച്ച കൗമാരം

മനസ്സിലെ ദുഃഖങ്ങൾ

കണ്ണീരായി തീർന്നോരാകാലം

പിന്നെ കരയുന്നത് കണ്ടാലും

ആരും തിരിഞ്ഞു നോക്കാതെ

പോകുന്ന വാർദ്ധാക്യവും.....

മനസ്സിലെ ദുഃഖങ്ങൾ ഉള്ളിൽ

മറച്ചുവെച്ച് പുറമെ ചിരിക്കും

ചിലർ അതൊരു അത്ഭുതമാണെന്ന്

എനിക്ക് തോന്നും

## എന്റെ സഖി

എന്റെ തണലായി നിഴലായി കൂടെ
പിരിയാതൊരുഓർമയായി നീ...
എന്നു എൻ മാത്രം
നിൻ കുട്ടികുറുമ്പുകൾ
നിൻ ചിണുങ്ങുകൾ വിരിയാത്ത
പൂവ് മൊട്ടുപോലെ
നിന്നിൽ ഞാൻ എന്നിൽ നീ...
നിന്നിൽ അതിഷ്ടമായ്
നിന്നെ പ്രതിഷ്ഠിച്ച ഞാൻ
ഒടുവിൽ നീ...
എന്നെ ഏകാന്തത്തിലാഴ്ത്തി
നിൻ കൂട് തേടി പോയപ്പോൾ





KEERTHANA 9 G


**തോഴിനിയുണ്ടെങ്കിൽ**

എൻ പ്രിയതോഴി അവളാണെന്ന് "നിഴൽ"
ബാല്യകാലം മുതൽക്കേ എൻ പ്രിയതോഴി നീയാണ്...
എന്നോടൊത്ത് കളിച്ചും പഠിച്ചും വളർന്ന എൻ പ്രിയതോഴി...
എൻ പ്രിയതോഴി നീ എന്നും എന്നോടൊപ്പം
ഉണ്ടാവണമെന്ന ഞാൻ ആഗ്രഹിച്ച പോകുന്നു...
എൻ പ്രിയതോഴി നീ ഇല്ലാതായാൽ
എൻ കാര്യം എന്താവുമെന്ന് നീ
ആലോചിച്ചിട്ടുണ്ടോ?
എൻ പ്രിയതോഴി നീ എൻ ജീവിതത്തിൽ
വന്നപ്പോൾ മുതൽ ഞാൻ എന്നും
സന്തോഷം മാത്രമാണ് അനുഭവിപ്പൂ...
പരസ്പരം കൊച്ചു കൊച്ചു ദുഃഖങ്ങളും
സന്തോഷങ്ങളും പങ്കുവെക്കാൻ നീ ഉണ്ടാവണം
എന്നും എൻ കൂടെ എൻ നിഴലായി...
എൻ പ്രിയതോഴി നീയാണ് എൻ പ്രിയപ്പെട്ടവൾ...
എൻ പ്രിയതോഴി നീ എന്നും എൻ നിഴലായി
എൻ കൂടെ
ഉണ്ടാവണം എന്ന് ആഗ്രഹിക്കാത്ത
ഒരു മാത്രപോലും എൻ ജീവിതത്തിൽ
ഉണ്ടായിട്ടില്ല...
ഇനി ഉണ്ടാവുകയുമില്ല...

REENA S


ABISHA. K
8.B

*Drawing 1: PAINTING*



SPC PASSING OUT












## ഒരു തൈ നടാം

ഒരു തൈ നടാം നമ്മുക്കമ്മക്കു വേണ്ടി
ഒരു തൈ നടാം കൊച്ചു മക്കളെക്ക് വേണ്ടി
ഒരു തൈ നടാം നൂറു കിളികൾക്കു വേണ്ടി
ഒരു തൈ നടാം നല്ല നാളേക്ക് വേണ്ടി
ഇത് പ്രാണവായുവിനായി നടുന്നു
ഇത് മഴക്കായി തൊഴുതു നടുന്നു
അഴകിനായി തണലിനായ് തേൻ പഴങ്ങൾക്കായി
ഒരു നൂറു തൈകൾ നിറഞ്ഞു നടുന്നു
ഒരു തൈ നടാം നമ്മുക്കമ്മക്കു വേണ്ടി
ഒരു തൈ നടാം കൊച്ചു മക്കളെക്ക് വേണ്ടി
ഒരു തൈ നടാം നൂറു കിളികൾക്കു വേണ്ടി
ഒരു തൈ നടാം നല്ല നാളേക്ക് വേണ്ടി



-Alfidha.M
6A

## പ്രകൃതി

പ്രകൃതിയാണ് എന്റെ അമ്മ
മലകളും കുന്നുകളും എന്റെ അമ്മയെ ബാംഗിയാകുന്നു
നിറഞ്ഞ് ഒഴുകുന്ന കടലിലൂടെ
ചെറുതോണികൾ ഒഴുകി നടക്കുന്നു
പച്ച വിരിച്ച വയലുകൾക്കിടയിൽ
ചെറു ചെറു കുടിലുകൾ
കുയിലിന്റെ കൂകലും കാക്കയുടെ കരച്ചിലും
പ്രകൃതിയുടെ സൗന്ദര്യം കൂട്ടുന്നു

- Mayavineeth
VII C



## സമ്പന്നനായ കൃഷിക്കാരൻ


പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു കുടുംബം താമസിച്ചിരുന്നു. അവർ എപ്പോഴും സന്തോഷവാന്മാരായിരുന്നു. അവരുടെ വരുമാനം എന്ന് പറയുന്നത് കൃഷിയാണ്. കൊയ്തെടുത്ത നെല്ല് മില്ലിൽ പോയി അരിയാക്കി ഭക്ഷണത്തിന് ഉപയോഗിക്കുന്നു.മിച്ചം വരുന്നത് പട്ടണത്തിൽ പോയി വിൽക്കുന്നു. ഇതുകണ്ട് നാട്ടുകാർ അദ്ദേഹത്തെ പരിഹസിക്കാറുണ്ട്. നീ എന്തിനാ ഈ മോശമായ ചേറിലും, ചെളിയിലും എല്ലാം ഇറങ്ങുന്നത്, കടയിൽ പോയി അറിയും പലചരക്ക് സാധനങ്ങളും വാങ്ങിക്കൂടെ "കഷ്ടം" എന്നൊക്കെയായിരുന്നു നാട്ടുകാരുടെ കളിയാക്കൽ. കൃഷിക്കാരന്റെ നല്ല പ്രവർത്തിക്കണ്ട ആ ഗ്രാമത്തിലെ ഗ്രാമത്തലവൻ അവനെ ഏറെ ഇഷ്ടപ്പെട്ടു . അതുകൊണ്ട് തന്നെ കുറച്ച കൃഷി ഭൂമി കൃഷിക്കാരൻ ദാനമായി നൽകി. കുറച്ച് കാലങ്ങൾക്കുള്ളിൽ അദ്ദേഹം സമ്പന്നനായി. ഇതിന്റെ ഗുണപാഠം എന്ന് പറയുന്നത് നന്മയുള്ള പ്രവർത്തികൾ ചെയ്താൽ വിജയം സുനിശ്ചിതം.

- Arjika.V

6-A

## അരുതേ അരുതേ

അരുതേ അരുതേ ചങ്ങാതികളെ
അരുമ മരങ്ങൾ മുറിക്കരുതേ
കാച്ചി മിനുക്കിയ മഴുവാൽ നിങ്ങൾ
മരക്കഴുതകൾ വെട്ടരുതേ
കായും കനിയും നമ്മൾ കേക്കും
കനക മരങ്ങൾ മുറിക്കരുതേ
കുളിരും തണലും നമ്മൾ കേക്കും
കുളിർമരമയ്യോ വെട്ടരുതേ
അരുതേ...അരുതേ... ചങ്ങാതികളെ



- Abhinaya.S

## പരിസ്ഥിതി കവിത



കാവും,കുളങ്ങളും, കായലോളങ്ങൾ തൻ

കാതിൽ ചിലമ്പുന്ന കാറ്റും,

കാട്ടുകൾക്കുള്ളിലെ സസ്യവൈവിധ്യം

ഭൂതകാലത്തിന്റെ സാക്ഷ്യം!

അമ്മയാം വിശ്വപ്രകൃതിയി നമ്മൾക്ക്

തന്ന സൗഭാഗ്യങ്ങളെല്ലാം

നന്ദിയില്ലാതെ തിരസ്കരിച്ച നമ്മൾ

നന്മ മനസിലില്ലാത്തോർ

മുത്തിനെപോലും കരിക്കട്ടയായി കണ്ട

ബുദ്ധിയില്ലാത്തവർ നമ്മൾ

മൃഗസൗന്ദര്യത്തെ വൈരൂപ്യമാകുവാനൊത്തൊരുമിച്ചവർ നമ്മ

കാരിരുമ്പിന്റെ ഹൃദയങ്ങളത്രയോ

കാവുകൾ വെട്ടിത്തെളിച്ചു;

കാതരചിതമെന്നെത്രയോ പക്ഷികൾ കാണാമറയതോള്ളിച്ചു!

വള്ളികൾ ചുറ്റിപ്പിണഞ്ഞുപടർന്നോരാ വന്മരചില്ലകൾ തോറും

പൂത്തുനിന്നൊരു ഗതകാലസൗരഭ്യപൂരിത

വർണ്ണപുഷ്പങ്ങൾ

- Enoch

**Joby P**

PAINTING



# LITTLE PAINTERS

IT was a holidayVeena and Vinay were in the garden.There were tins of paints every where.There was white,red,green,blueand yellowpaints.The painters were busy.One painter was on a ladder. Another was hanging from the roof on a swing.”Can wehelp?”,askedVeena and Vinay. The painter gave each of them a brush.”paint the outside of the gate”,he said to Vinay. They picked up two tins of paint and set to work.Veena painted


one side of the gate.Vinay painted the other side of the gate.

They fell on the ground and wall.The paint fell on them.At last they finished.They wipped off the paint that had slashed on them”.I love my red gate”.said Veena.

”I love “my green gate”.

said ,Vinay ”oh,you have made a two coloured gate”the mother.

Ayana J
7B




मुंशी
प्रेमचंद
जुलाई 31


2023-24

# സ്നേഹക്കൂട്

ആദിയമായി ഉരുവിട്ട വാക്ക് അമ്മ
വാക്കിനാൽ തീരാത്ത കാവ്യമമ്മ
ദുഃഖങ്ങൾ വേതനകളേറെ സഹിച്ചു
മെന്നെ പത്ത് മാസം ചുമന്ന് പസവിച്ചമ്മ
രജനിയിൽ പഭാതംപരത്തും മതിയെകാണിച്ചെനിക്ക്
ചോറും തന്നും
കുട്ടികഥകൾ പറഞ്ഞുതന്നും
എന്നിലെ ആദിയത്തെ ഗുരുവായി നിന്നും
മെന്നെയെടുത്ത് വാരിപുണർന്നും
ആയിരം ആയിരം ഉമ്മവെച്ചും
താലോലിച്ചെന്നെ ഉറകിയതും
എൻ അന്തരംഗത്തിലെങ്ങും
സുരഭം പരത്തുന്ന മലരായിനിയെത്തും
മലർവിരിയും ചിരിയോടെയെന്നെനോക്കിയതും
മരിക്കുവോളം മറക്കിലാനാനൊന്നുമെ
വായിച്ചാൽ തീരാത്ത പുസ്തകമായുള്ളരമ്മയെ
എന്നിൽ എന്നും അതിനർഘമായുള്ള ഒരു നിധിയാണ് അമ്മ

Rinsila
9F

FREE SOFT WARE DAY










PAINTING



NATURE CLUB





SCHOOL SCIENCE FAIR







PAINTING



SPORTS







## SAVE THE EARTH

Save our earth
Save our life
Plant the tree
Make pollution free
Save the river
The earth is our home
so blue and so green
so lets do our part
to keep the earth clean



Akshitha A
7A

TO MY MOTHER

My Mother is my visible god.
In all my happiness and sadness
She is with me
At my allterms of growth.
She is with me
She knows all my feelings
Oh mymother
I love
I love
I  love you very much

Stenimol S
8B

തനിച്ചിരുന്നപ്പോൾ

കൂടെ ഉണ്ടാവണം എന്ന് കരുതിയവർ [illegible] കൂടെയില്ല എന്ന സത്യം നരിട്ട് കണ്ടിട്ടും അറിഞ്ഞിട്ടും നണകൾ മാത്രം വിശ്വസിച്ച് ജീവിച്ചിട്ടുണ്ട് പലപ്പോഴും നമുക്കൊപ്പമാരേലും ഉണ്ടെങ്കിൽ കാലിലോരു ചെറുമുള്ള് കൊണ്ടാൽ പോലും നാമവരെ വിളിക്കും

ആരും ഇല്ലേലോ ഭൂമി കുലുങ്ങിയാലും നാം തളരില്ല നേരിടാൻ ശ്രമിക്കും

ജീവിതത്തിൽ നമുക്ക് വേണ്ടി സംസാരിക്കാൻ ആരുമില്ലാത്ത നിമിഷങ്ങളുണ്ടാവും

അന്ന് മുതൽ നാം സ്വയം സംസാരിച്ച് തുടങ്ങും സ്വപ്നങ്ങൾ ഒരാശ്വാസമാണ്

ജീവിതത്തിൽ അകന്ന് പോകുന്നവരെ ഇത്തിരി നേരമെങ്കിലും കൂടെ പിടിച്ചിരുത്താൻ സ്വപ്നങ്ങൾക്ക് മാത്രമേ കഴിയൂ

ചില ബന്ധങ്ങൾ അങ്ങനെയാണ് നാം അറിയാതെ നമ്മിലേക്ക് അടുക്കും പിന്നെ നാം അറിയാതെ അകലും നമ്മൾ വന്നത് തനിച്ച് പോകുന്നതും തനിച്ച് തന്നെ പിന്നെന്തിന് ഇതിൽ ദുഃഖം

# പ്രകൃതി തേടുന്ന സ്വാതന്ത്ര്യം

അമ്മയാകുന്ന ലോകമേ...

അമ്മയാകുന്ന പ്രകൃതിയേ...

നീയെന്ന പ്രകൃതിയെ ഞാനെന്ന വികൃതി ഏറെ ദ്രോഹിച്ചു...

നിൻ ക്ലേശദുഃഖങ്ങൾ മാറിഒരു നവോദയ ജീവിതം നിനക്കായി വരും...

നാം പ്രകൃതി ദുരന്തങ്ങൾ ഏറെ അനുഭവിച്ചു കഴിഞ്ഞു...

പ്രളയം,സുനാമി,ഉരുൾ പൊട്ടൽ എന്നിങ്ങനെ അതും നീളുന്നു...

പ്രകൃതിയോടു നാം ചെയ്തതിനു തിരിച്ചടിയായയാണ് ഇവയെല്ലാം നാം അനുഭവിച്ചത്...

അമ്മയാകുന്ന പ്രകൃതിയെ നാം കൈകൂപ്പി തൊഴുതണം...

ലോകമാകുന്ന,പ്രകൃതിയാകുന്ന അമ്മേ...ദൈവമേ...

## വരും തലമുറക്കു വേണ്ടി

മഴപെയ്യുന്ന മരവും ചെടിയും ഇല്ലാത്തൊരു ഭൂമിയിൽ...

മലിനമായൊരു ഭൂമിയിലും... ജലാശയത്തിലും...

മനുഷ്യർ തൻെറ  തിന്മകൾ മാത്രം പ്രവർത്തക്കുന്ന തൻെറയി...ഭൂമിയിൽ...

അവർ അറിയുന്നില്ല അവർ തൻെറ വിനാശത്തിലെക്കാണു നിങ്ങുന്നതെന്ന്...

അവർ തൻ സോബോതത്തിലേക്ക് വരുബോഴെക്കും ഭൂമി മുഴുവൻ ഇല്ലാതാവുകയും ചെയ്യും...

അവർ ചിന്തിക്കുന്നില്ല അവരുടെ വരും തലമുറയെക്കുറിച്ചും

തൻെറ മക്കളും ഈഭൂമിൽ ജീവിക്കണം എന്ന കാര്യവും...

ആരും ചിന്തിക്കാറില്ല ഈ ഭൂമിയെക്കുറിച്ച് നാളെ

ഈ ഭൂമിയുടെ സ്ഥിതി എന്താവുമെന്നതിനെക്കുറിച്ചും...

ഇനി ഈ ഭൂമിയുടെ സ്ഥിതി എന്താവും?...

നന്ദി